# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2754

17.06.2019-ലെ മറുപടി

### കേരള വാട്ടർ അതോറിറ്റിയുടെ പുന.സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ്<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള<br>,, ഐ.ബി. സതീഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി സാമ്പത്തിക ഞെരുക്കത്തിലായതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത നിലനിർത്താൻ വരുമാന വർദ്ധനവിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കുടിശ്ശികയായിട്ടുള്ള വെള്ളക്കരം പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിലെ കാര്യക്ഷമത നിലനിർത്താൻ വരുമാന വർദ്ധനവിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. ഓരോ വർഷവും 2 ലക്ഷം പുതിയ വാട്ടർ കണക്ഷനുകൾ നൽകുക.<br>2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വെള്ളക്കര കുടിശ്ശിക പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്.<br>3. റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ കുടിവെള്ള പദ്ധതികളുടെ വരവ് ചെലവ് താരതമ്യ പഠനം നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റവന്യൂ വർദ്ധിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകുകയും ആയത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകളും നടത്തി വരുന്നു.<br>4. ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ബി) | കേരള വാട്ടർ അതോറിറ്റിയുടെ പുന.സംഘടനാ സാധ്യത സംബന്ധിച്ച് ഐ.ഐ.എം. ബംഗളൂരു നടത്തിയ പഠന റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്; | (ബി) & (സി) | കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗും നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശിപാർശ ചെയ്യുകയും സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി ആയത് വിലയിരുത്തുകയും ചുവടെ പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു.<br>1. 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിക്കുകയും ജല അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യ ക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കുകയും എല്ലാ സബ് ഡിവിഷിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്ന തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>5. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചു വരുന്നു.<br>6. വാട്ടർ അതോറിറ്റിയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>7. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനവും കേന്ദ്രീകൃത ബില്ലിംഗ് (അബാക്കസ്സ്), ഇ-പേയ്മെൻറ് സംവിധാനം, കംപ്ലെയിൻറ് റിഡ്രസ്സൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവയും നടപ്പിലാക്കി. |
| (സി) | ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് ആലോചിക്കുന്നത്; | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | കിഫ്ബി പദ്ധതികൾ വഴി നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖല പുനരുദ്ധരിച്ച് ചോർച്ച ഒഴിവാക്കി വരുമാന വർദ്ധനവിന് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016 -17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിൽ നടപ്പാക്കാനായി 433.33 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 10 സർക്കിളുകളിലെ പ്രൊപ്പോസലുകൾക്കു 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**